പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം.120. | 20.1.2014 -ൽ മറുപടിയ്ക്ക്

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ. | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി)-മിന് കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്കിൽ പാർക്ക് പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ ; | (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അവർ തിരഞ്ഞെടുത്ത തൊഴിൽ മേഖലകളിൽ പ്രാവീണ്യം നേടാനായി സർക്കാർ ആരംഭിക്കാനുദ്ദേശിക്കുന്ന ഒരു സംരംഭമാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. പ്രസ്തുത സ്കിൽ പാർക്കുകളിലാണ് അസാപ്പിലെ എല്ലാ സ്കിൽ കോഴ്സുകളിലുമുള്ള പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. സ്കിൽ പാർക്കുകളുടെ ചുറ്റുമുള്ള വ്യവസായ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ,മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി തൊഴിൽ നൈപുണ്യ വികസനത്തിനായി പ്രവർത്തിക്കുന്ന തരത്തിലുള്ള ഒരു മാതൃകയാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഏതെല്ലാം മണ്ഡലങ്ങളിലാണ് പ്രാരംഭഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ? | (ബി) | നടപ്പ് പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലത്തിലും ഓരോ സ്കിൽ പാർക്ക് വീതം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ